(ബി) ഈ മത്സ്യബന്ധന തുറമുഖത്തിൽ മണൽ അടിഞ്ഞുകിടക്കുന്നതുമൂലം ബോട്ടു തട്ടി അപകടത്തിൽ മരണം നടക്കുകയുണ്ടായോ;

(സി) എങ്കിൽ എന്നൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) മണൽ നീക്കി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് ഡ്രെഡ്ജിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) യന്ത്രവൽകൃത ബോട്ടുകൾക്കൊന്നും കേടു വന്നിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടില്ല. എന്നാൽ 2 ഫൈബർ വള്ളങ്ങൾക്കും ഒരു ഇൻബോർഡ് വള്ളത്തിനും കേടുവന്നിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടായി.

(സി)

1. 25-5-2001-ൽ ഒരു ഫൈബർ വള്ളം മണൽത്തിട്ടയിൽ തട്ടിമറിഞ്ഞ് ഒരാൾ മരണമടഞ്ഞു.
2. 13-8-2002-ൽ ഒരു ഫൈബർ വള്ളം മറിഞ്ഞ് ഒരാൾ മരിച്ചു.
3. 11-6-2004-ൽ ഒരു ഇൻബോർഡ് വള്ളം മറിഞ്ഞ് 3 പേർ മരണമടഞ്ഞു.

(ഡി) ഉണ്ട്. വർഷാവർഷം ലഭിക്കുന്ന ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് മെയിന്റനൻസ് ഡ്രഡ്ജിംഗ് നടത്തുന്നുണ്ട്. ഈ വർഷം സുനാമിമൂലമുണ്ടായ മണ്ണടിയൽ നീക്കം ചെയ്യുന്നതിന് സുനാമി ഫണ്ടുപയോഗിച്ച് 42 ലക്ഷം രൂപയുടെ ഡ്രഡ്ജിംഗ് പ്രവർത്തിക്കുള്ള ദർഘാസ് ലഭിച്ചിട്ടുണ്ട്. ടി പ്രവർത്തി താമസംവിനാ ആരംഭിക്കുന്നതാണ്.

കായംകുളം ഹാർബറിന്റെ നിർമ്മാണം

109 [580] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഹാർബറിന്റെ നിർമ്മാണ പ്രവർത്തനത്തിൽ സ്തംഭനാവസ്ഥ ഉണ്ടായിട്ടുള്ളതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഹാർബർ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) കായംകുളം ഹാർബർ എന്നത്തേക്ക് കമ്മിഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തികൾ സുനാമി ദുരന്തത്തെത്തുടർന്ന് സ്തംഭനാവസ്ഥയിൽ ആയിരുന്നു. കടൽക്ഷോഭംമൂലം പദ്ധതി പ്രദേശത്ത് ആൾ നാശവും തുറമുഖത്തിന്റെ സംവിധാനങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിക്കുകയും ചെയ്തതിനാൽ 28-12-2004 മുതൽ പണി നിറുത്തിവച്ചിരുന്നു.

(ബി) ഹാർബർ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ബ്രെക്കു വാട്ടറിന്റെ ശേഷിക്കുന്ന ജോലികളും ഡ്രഡ്ജിംഗ് ജോലികളും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2. വാർഫ്, ലേലഹാൾ (വൈദ്യുതീകരണം ഒഴികെ) അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഡ്രെയിനേജു സൗകര്യം, വെയ്ബ്രിഡ്ജുകൾ, റീക്ലമേഷൻ ബണ്ട്, സാനിറ്ററി ബ്ലോക്ക് ഗേറ്റ്, ഗേറ്റ് ഹൗസ്, സെക്യൂരിറ്റി റൂം, സൈക്കിൾ ഷെഡ് എന്നീ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. ഡ്രഡ്ജിംഗ് പാർക്കിംഗ് ഏരിയ, ഇന്റേണൽ റോഡ്, അപ്രോച്ച് റോഡ്, കോംപൗണ്ട് വാൾ, ഗ്രീൻബെൽറ്റ്, വാട്ടർ സപ്ലൈ, ഇലക്ട്രിഫിക്കേഷൻ എന്നീ പണികൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

4. തെക്കുഭാഗത്ത് 720 മീറ്റർ നീളമുള്ള പുലിമുട്ട് 595 മീറ്റർ നീളത്തിലും വടക്കു ഭാഗത്തെ 485 മീറ്റർ നീളമുള്ള പുലിമുട്ട് 233 മീറ്റർ നീളത്തിലും പൂർത്തീകരിച്ചു.

(സി) 2006-ൽ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

110 [461] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ എത്ര; വൻകിട വ്യവസായ സ്ഥാപനങ്ങൾ എത്ര;

(സി) എത്ര വ്യവസായ സ്ഥാപനങ്ങളിൽ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly